LIBRARY ARCHIVES Kerala Legislative Assembly

അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ആവശ്യമായ പ്രൊപ്പോസലുകൾ രൂപീകരിക്കുന്നതിന് പ്രസ്തുത വകുപ്പുകളിലെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഫിഷറീസ് ഡയറക്ടർ ചെയർമാനായി 18-8-2011 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 562/11/മ.ഇ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് ഫിഷറീസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശുചിത്വം, വേതനം, മറ്റ് സേവന വ്യവസ്ഥകൾ, പീലിംഗ്-സംസ്കരണ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് രൂപീകരിച്ച വിദഗ്ധ സമിതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ച് 4-11-2013 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 919/2013/മ.ഇ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനതല കമ്മിറ്റി കൂടുന്നതിനും ജില്ലാതല കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിൽ ഇ.എസ്.ഐ. ആനുകൂല്യം

283 (972) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമായിട്ടുള്ള ഏതെല്ലാം സ്ഥാപനങ്ങൾ വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നു; വിശദമായ പട്ടിക ലഭ്യമാക്കുമോ;

(ബി) ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ നിലവിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകുന്ന 16 ഇ.എസ്.ഐ. സ്ഥാപനങ്ങളുടെ പട്ടിക ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്ന് ലഭ്യമായത് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.